## സബ്മിഷൻ

### കാർഷിക വായ്പകൾക്ക് മോറട്ടോറിയം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കടുത്ത വരൾച്ചയുണ്ടായതിനെത്തുടർന്ന് ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് സംസ്ഥാന സർക്കാർ ഒരു മോറട്ടോറിയം പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് സർക്കാർ പുറത്തിറക്കിയ ഒരു ഉത്തരവും കർഷകർക്ക് പ്രയോജനം ലഭിക്കുന്നതല്ല. മോറട്ടോറിയം കാലത്തെ പലിശ സബ്സിഡി തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും കർഷകർക്ക് ഒരുപൈസപോലും പലിശയിനത്തിൽ നൽകിയിട്ടില്ല. ഇതുമൂലം വായ്പയെടുത്ത കർഷകർ കുടിശ്ശിക കാരണം ബുദ്ധിമുട്ടുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ കിട്ടാക്കടം പെരുകി ബുദ്ധിമുട്ടുന്നു. ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് കൃത്യമായ സർക്കാർ ഉത്തരവുണ്ടാകണം.

1. മോറട്ടോറിയം ഏത് വർഷം, ഏത് മാസം, ഏത് തീയതി മുതൽ ബാധകമാണെന്ന് ഉത്തരവിൽ കൃത്യതയോടെ വ്യക്തമാക്കണം.
2. വായ്പയെടുത്ത തുക എല്ലാ കർഷകർക്കും ഒറ്റത്തവണയായി തിരിച്ചടയ്ക്കാൻ സാധിക്കാത്തതുകൊണ്ട് കാർഷികവായ്പ പുതുക്കി വയ്ക്കാൻ അനുമതി നൽകണം.
3. കാർഷിക വായ്പ മൂന്നുതവണ മാത്രമേ പുതുക്കി വയ്ക്കാൻ സാധിക്കുകയുള്ളൂ, ആയതിനാൽ മൂന്നുവർഷം പൂർത്തിയായവർക്ക് മറ്റ് ജാമ്യത്തിന്റെ പുറത്ത് വായ്പ പുതുക്കാൻ അവസരമുണ്ടാകണം.

4. സർക്കാർ കൃത്യമായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ടിയിരുന്ന 3% പലിശ സബ്സിഡി ലഭിക്കുമായിരുന്നു. ഇപ്പോൾ അത് നഷ്ടമായിരിക്കുകയാണ്. മാത്രമല്ല, സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശ സബ്സിഡി ആർക്കും ഇതുവരെ നൽകിയിട്ടില്ല. വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയും വായ്പ പുതുക്കുകയും ചെയ്യുന്ന കർഷകന് അതാത് ബാങ്കിൽ നിന്ന് റീ-ഇംബേഴ്സ്മെന്റായി പലിശ സബ്സിഡി ലഭിക്കേണ്ടതാണ്. ഇതുസംബന്ധിച്ച ഉത്തരവുകൾ കൃത്യമായി സർക്കാരും സഹകരണ വകുപ്പും പുറപ്പെടുവിക്കാത്തതുകൊണ്ടാണ് സബ്സിഡി നഷ്ടമാകുന്നത്. സഹകരണ ബാങ്കുകളുടെ ലോണെടുക്കുന്ന, കർഷകരെ കണ്ണീരിലാഴ്ത്തുന്ന ഇത്തരം നടപടികൾ ഒഴിവാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ ഉടനെ പുറപ്പെടുവിക്കണമെന്നും കാർഷിക വായ്പ എടുക്കാനും വായ്പ പുതുക്കാനും പലിശയിളവ് ലഭിക്കുന്നതിനുമുള്ള നടപടി ഉടനടി എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് 2013-ലെ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഒരുവർഷം തികഞ്ഞതോടുകൂടി വീണ്ടും ഒരു വർഷത്തേയ്ക്കുകൂടി നീട്ടിയിട്ടുണ്ട്. മോറട്ടോറിയത്തിന് 15-02-2015 വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഇതിന്റെ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികമായ പരിമിതികൾ ഉള്ളതുകൊണ്ട് അതിന് നിർവ്വാഹമില്ലെന്നാണ്

ഓർഡറിൽ പറഞ്ഞിട്ടുള്ളത്. അതേസമയം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പലിശ ആനുകൂല്യം നമുക്ക് ലഭിക്കാതെ പോകുന്നുവെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അത് ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്നതിനെക്കുറിച്ചും അതിനുള്ള സാധ്യതകളുണ്ടോയെന്നും പ്രത്യേകം പരിശോധിക്കുന്നതാണ്.

## ഭാഷാ ന്യൂനപക്ഷ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കൽ

ശ്രീ. കെ. അച്ചുതൻ: സർ, 2012-ലെ സംസ്ഥാന ഭാഷാ ന്യൂനപക്ഷ കമ്മീഷന്റെ തീരുമാനം അനുസരിച്ച് എന്റെ നിയോജകമണ്ഡലത്തിലുള്ള പട്ടഞ്ചേരി ഗവൺമെന്റ് സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചിരുന്നു. ഞാൻ എം.എൽ.എ. ആകുന്നതിനുമുമ്പ്, അന്നത്തെ എം.എൽ.എ.മാർ 139 ഗവൺമെന്റ് സ്കൂളുകളിലും പ്ലസ് ടു കൊണ്ടുവന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ കല്ല്യാണ കൃഷ്ണയ്യരുടെ പേരിലുള്ള പ്രൈവറ്റ് സ്കൂളിലാണ് അന്നത്തെ എം.എൽ.എ. പ്ലസ് ടു കൊണ്ടുവന്നത്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി പട്ടഞ്ചേരി ഗവൺമെന്റ് സ്കൂളിൽ പ്ലസ് ടു വേണമെന്ന് ഞാൻ ആവശ്യപ്പെട്ടപ്പോൾ ഇതൊരു സ്പെഷ്യൽ കേസായി അനുവദിക്കാൻ 2012-ൽ തീരുമാനിച്ചതാണ്. അതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തശേഷം 05-02-014-ൽ ഭാഷാ ന്യൂനപക്ഷ കമ്മിറ്റി വീണ്ടും കൂടിയപ്പോൾ ഉടൻതന്നെ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതാണെന്ന് പറയുകയും അതിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പാട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷെ പ്ലസ് ടു കോഴ്സ് ഇതുവരെ അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി താൽപ്പര്യം

എടുത്താൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ സാധിക്കൂ. ഈ വർഷം പ്ലസ് ടൂ തുടങ്ങാനുള്ള എല്ലാ സൗകര്യങ്ങളും അവിടെ ഒരുക്കിയിട്ടുണ്ട്. കുട്ടികൾ അപേക്ഷ കൊടുത്ത് കാത്തുനിൽക്കുന്ന സ്ഥിതിയാണ്. പക്ഷേ, അപേക്ഷ സ്വീകരിച്ചിട്ടില്ല. അതോടൊപ്പംതന്നെ കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കമ്പ്യൂട്ടർ സയൻസ്.......പതിനഞ്ച് ഏക്കർ സ്ഥലം സൗജന്യമായി വാങ്ങി ഗവൺമെന്റിനെ ഏൽപ്പിക്കുകയും അത് ഇന്നത്തെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതുമായ കോളേജാണ്. അവിടെത്തന്നെ ഒരു ഐ.ടി.ഐ. കൊണ്ടുവരുവാൻ നാലര ഏക്കർ സ്ഥലം വീണ്ടും വാങ്ങി ഞാൻ ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അഞ്ചുവർഷം മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഭാഷാ ന്യൂനപക്ഷ കമ്മിറ്റി ആകെ കൂടിയ ഒരു മീറ്റിംഗിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ആരും പങ്കെടുത്തിട്ടില്ല. അതുപോലെ ആകരുത്, ആറുമാസത്തിലൊരിക്കലെങ്കിലും ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ മീറ്റിംഗ് കൂടണം. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങൾക്ക് ചില ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അതിലെ പ്രധാനപ്പെട്ട ഒരു ആനുകൂല്യമെന്ന നിലയ്ക്ക് പ്ലസ് ടു കോഴ്സ് പട്ടഞ്ചേരിയിൽ അനുവദിച്ചുതരണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ 04-10-2012-ലെ യോഗത്തിൽ പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗവൺമെന്റ് ഹൈസ്ക്കൂളിൽ പുതിയതായി പ്ലസ് ടു കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് തീരുമാനിച്ചിരുന്നു. 2014 ഫെബ്രുവരിയിൽ കൂടിയ സംസ്ഥാ

നതല ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ യോഗത്തിൽ ഈ വിഷയം വീണ്ടും പരിഗണിക്കുകയും സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് അന്ന് കോടതിയിൽ സ്റ്റേ ഉണ്ടായിരുന്നതുകൊണ്ടാണ് ഇത് അനുവദിക്കാതെയിരിക്കുന്നതെന്നും സ്റ്റേ മാറിയാൽ പരിഗണിക്കാമെന്നും പറഞ്ഞിരുന്നു. സ്റ്റേ മാറിയെങ്കിലും ഈവർഷം സംസ്ഥാനത്ത് പുതിയതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നുള്ള നയപരമായ തീരുമാനം ഗവൺമെന്റ് എടുത്തിരുന്നു. അതുകൊണ്ടാണ് ഇതുസംബന്ധിച്ച തീരുമാനം മുന്നോട്ടുപോകാതിരുന്നത്. ഈവർഷം ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്തയിടത്ത് അഡീഷണൽ ബാച്ചസ് കൊടുക്കാനാണ് തീരുമാനമെടുത്തത്. അതേസമയം ഭാഷാ ന്യൂനപക്ഷ കമ്മിറ്റി രണ്ട് പ്രാവശ്യം ഇക്കാര്യം ശുപാർശ ചെയ്ത സാഹചര്യത്തിൽ ഈ സ്കൂളിന്റെ കാര്യത്തിൽ എന്തുവേണമെന്നുള്ളത് വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പുമായി ആലോചിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്. കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കഴിഞ്ഞ വർഷം എം.എസ്.സി.– മൈക്രോ ബയോളജി കോഴ്സ് അനുവദിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പിന്നീട് ഒന്നും തന്നിട്ടില്ല. ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രിൻസിപ്പലിനോട് ചോദിച്ചിട്ടുണ്ട്. അവരുടെ ശുപാർശ വരുന്നതനുസരിച്ച് അഡീഷണൽ കോഴ്സിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ഭാഷാ ന്യൂനപക്ഷ ഏരിയയിലെ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ കാര്യങ്ങളിലും ഉപരിപഠനത്തിനും തടസ്സമുണ്ടാകരുതെന്നുള്ള ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്.

നയപരമായ സമീപനത്തിനുളളിൽനിന്നുകൊണ്ട് ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## പാർട്ട്-ടൈം-കണ്ടിൻജന്റ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിലും വിവിധ ഓഫീസുകളിലുമായി ജോലി ചെയ്യുന്ന പാർട്ട്-ടൈം-കണ്ടിൻജന്റ് ജീവനക്കാർ, കാഷ്വൽ സ്വീപ്പർമാർ തുടങ്ങിയവർ സമൂഹത്തിന്റെ താഴെ ശ്രേണിയിൽ കഴിഞ്ഞുകൂടുന്ന ജനവിഭാഗമാണ്. പാർട്ട്-ടൈം-സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, ക്ലീനർ, ഗാർഡ്നർ, മൃഗശാലയിലെ പാർട്ട്-ടൈം-കീപ്പർ ഉൾപ്പെടെയുളള 16000-ത്തോളം വരുന്ന പാർട്ട്-ടൈം-കണ്ടിൻജന്റ് ജീവനക്കാരും 2200-ഓളം വരുന്ന കാഷ്വൽ സ്വീപ്പർമാരും നിലവിൽ സർക്കാർ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ ഒട്ടുമുക്കാൽ പേരും 45 വയസ്സിനുശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരാണ്. സമൂഹത്തിൽ സാമ്പത്തികമായി വളരെയേറെ താഴെത്തട്ടിൽ നിൽക്കുന്ന പാവപ്പെട്ടവരാണ് ഈ വിഭാഗത്തിലുളള സിംഹഭാഗം ജീവനക്കാരും. നിലവിൽ ഇവർക്ക് അടിസ്ഥാന ശമ്പളവും ഡി.എ.യും മാത്രമാണ് ലഭിക്കുന്നത്. നഗരങ്ങളിലെ ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് സി.സി.എ. ആയി 50 രൂപയും മലമ്പ്രദേശങ്ങളിലെ ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് ശമ്പളവും ഡി.എ.ക്കും പുറമേ ഹിൽട്രാക് അലവൻസായി 100 രൂപ കൂടി ലഭിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും 45 വയസ്സ് കഴിഞ്ഞതിനുശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരായതുകൊണ്ട്, പെൻഷൻ പ്രായമായ 70 വയസ്സിനിടയിൽ രോഗബാ

ധിതരാകുന്നുണ്ട്. പാർട്ട്–ടൈം–കണ്ടിൻജന്റ് ജീവനക്കാർക്ക് മെഡിക്കൽ റീ–ഇമ്പേഴ്സ്മെന്റ് ആനുകൂല്യം ഇല്ലാത്തതുകൊണ്ട് ഏറെ ബുദ്ധിമുട്ടും കഷ്ടപ്പാടുമാണ് ഈ വിഭാഗം ജീവനക്കാർ അനുഭവിക്കേണ്ടി വരുന്നത്. ഈ ദു:സ്ഥിതി കണക്കിലെടുത്ത് മെഡിക്കൽ റീ–ഇംമ്പേഴ്സ്മെന്റ് സൗകര്യം പാർട്ട–ടൈം–കണ്ടിൻജന്റ് ജീവനക്കാർക്കുകൂടി അനുവദിച്ച് നൽകണം. ഇവർക്ക് നിലവിൽ 15 ദിവസത്തെ ലീവ് സറണ്ടർ ആനുകൂല്യമാണുള്ളത്. എന്നാൽ ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് വർഷത്തിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ജോലിക്ക് ഹാജരാകേണ്ട ഇവർക്ക് 30 ദിവസത്തെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കണം. പാർട്ട്–ടൈം–കണ്ടിൻജന്റ് ജീവനക്കാരെ പി.എഫ്. പദ്ധതിയിൽ അംഗങ്ങളായി ഉൾപ്പെടുത്തിയത് അഭിനന്ദനാർഹമായ കാര്യമാണ്. എന്നൽ ഇവരെ എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയ പദ്ധതികളിൽ അംഗങ്ങളാക്കിയിട്ടില്ല. വളരെ നാമമാത്രമായ പ്രീമിയം തുകയുള്ള എസ്.എൽ.ഐ., ജി.ഐ.എസ്, പദ്ധതികളിൽ പാർട്ട–ടൈം–കണ്ടിൻജന്റ് ജീവനക്കാരെകൂടി ഉൾപ്പെടുത്തി ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി ശ്രമിക്കണം. ഇത്തരം കാര്യങ്ങളിൽ അനുഭാവപൂർവ്വമായ തീരുമാനം എടുക്കണം. ശബ്ദമില്ലാത്തവരുടെ ശബ്ദമായി ഇതിനെ കാണണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവശരും ആലംബഹീനരുമായ ആളുകളോട് പ്രത്യേകമായ അനുകമ്പയും അവരുടെ ശബ്ദം കേൾക്കാൻ തയ്യാറാകുന്ന ആളുമാണ്. ഇത്തരത്തിൽ പാവപ്പെട്ടവരും ദരിദ്രരുമായ സർക്കാർ ജീവനക്കാർ, അവർ എല്ലാത്തരത്തിലുമുള്ള ജോലി ചെയ്യുന്ന ആളുകളാണ്. അവർക്കുവേണ്ടി നാമമാത്രമായ ഈ സൗകര്യം വർദ്ധിപ്പിച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പാർട്ട് ടൈം-കണ്ടിജന്റ് ജീവനക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുള്ള സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ അവർക്ക് ആദ്യമായി ശമ്പള സ്കെയിൽ അനുവദിച്ചു. 15/07/2013-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 9 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നത് ഫിറ്റ്മെന്റ് ബെനിഫിറ്റിന്റെ അടിസ്ഥാനത്തിലല്ല. ആയതിനാൽ ഫിറ്റ്മെന്റ് ബെനിഫിറ്റ് സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തുവാൻ കഴിയുകയില്ല. ടി വിഭാഗക്കാർ Kerala Government Servants Medical Attendance Rules-1960 – ൽ ഉൾപ്പെടാത്ത തിനാൽ പ്രസ്തുത ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയില്ല. എന്നാൽ പ്രസ്തുത ജീവനക്കാരെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015–2016 വർഷം മുതൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് ധനകാര്യ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പാർട്ട് ടൈം -കണ്ടിജന്റ് ജീവന ക്കാർക്ക് ഭവന വായ്പാ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാ രിന്റെ പരിഗണനയിലാണ്. വീട്ടുവാടക ബത്തക്ക് റെഗുലർ ഫുൾടൈം ജീവനക്കാർക്കുമാത്രമെ അർഹതയുള്ളൂ. മറ്റ് ജോലിക്കാരിൽ നിന്നും വ്യത്യസ്തമായി പകുതി ദിവസം മാത്രം ജോലിനോക്കിവരുന്ന ഇവരുടെ റിട്ടയർമെന്റ് പ്രായം 70 വയസ്സാണ്. 9-ാം ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ഇവരുടെ ശമ്പളത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മറ്റ്

ആനുകൂല്യങ്ങളുടെ കാര്യത്തിൽ പോരായ്മകളുണ്ട്. ജോലിയുടെ സ്വഭാവവും സമയവും കണക്കിലെടുക്കുമ്പോൾ ഈ ജീവനക്കാർക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അത് പോരെന്നുള്ള ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് ഇവിടെ കേട്ടത്. അക്കാര്യം പരിശോധിക്കുന്നതാണ്.

## യുവതിയെ പീഡിപ്പിച്ച പ്രതികൾക്കെതിരെ നടപടി

ശ്രീ. രാജു എബ്രഹാം: സർ, പീഡനത്തിന് വിധേയയായ ഏനാദി മംഗലം കുടുംബശ്രീ എ.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി മഞ്ജു, അടൂർ പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴി പ്രകാരം കേസ് രജിസ്റ്റർ ചെയ്തെങ്കിലും പ്രതിയായ പഞ്ചായത്ത് പ്രസിഡന്റിനെ അറസ്റ്റ് ചെയ്യാൻ ഒരു നടപടിയും സ്വീകരിക്കാത്ത പശ്ചാത്തലത്തിലാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 33 വയസ്സുള്ള യുവതിയെ സജി (49) 02.10.2012 -ാം തീയതി മാലൂരിലുള്ള വീട്ടിൽവച്ച് പീഡിപ്പിക്കുകയും തുടർന്ന് വിവാഹം ചെയ്തുകൊള്ളാമെന്ന് വിശ്വസിപ്പിക്കുകയും ചെയ്തുവെന്ന യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 17.05.2014-ന് ഐ.പി.സി. 147, 376 (2)(k) വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. കേസ്സിപ്പോൾ കോടതിയുടെ മുമ്പാകെയാണ്. അദ്ദേഹം മുൻകൂർ ജാമ്യത്തിന് അപേക്ഷ

കൊടുത്തുവെങ്കിലും പത്തനംതിട്ട ജില്ലാ സെഷൻസ് കോടതി ജാമ്യം നിഷേധിച്ചു. ഇപ്പോൾ അദ്ദേഹം ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച തായാണ് അറിയുന്നത്. കേസിന്റെ ഊർജ്ജിതമായ അന്വേഷണം അടൂർ പോലീസ് ഇൻസ്പെക്ടർ നടത്തിവരികയാണ്.

മലയോര മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ അതിരൂക്ഷ മായ വൈദ്യുതി പ്രതിസന്ധി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജില്ലയിൽ വ്യാപകമായി അനധികൃതമായ പവർ കട്ടും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും നിലനിൽക്കുകയാണ്. കാലപ്പഴക്കം ചെന്ന ട്രാൻസ്ഫോർമറുകളും വൈദ്യുതി ലൈനുകളും പ്രസരണ നഷ്ടവുമാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സേവനം നൽകുന്ന തിനാവശ്യമായ ഫീൽഡ് സ്റ്റാഫുകളുടെ കുറവും ഈ പ്രശ്നത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയെ പ്രത്യേകിച്ച് മലയോര മേഖയിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരമായി സ്വീകരിക്കേണ്ട ചില നടപടികളുടെ കാര്യമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. വടക്കേമലബാർ ഭാഗത്ത് പവർ ജനറേഷൻ തീരെയില്ലാത്ത സ്ഥിതിയാണെന്ന് എല്ലാവർക്കുമറിയാം. തന്മൂലം വോൾട്ടേജ് ക്ഷാമവും ഇന്ററപ്ഷനും കൂടുതലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കർണ്ണാടകത്തിൽ നിന്നാണ് വൈദ്യുതി എത്തിക്കാൻ കഴിയുക.

നിലവിലുള്ള സിങ്കിൾ സർക്യൂട്ട് ലൈൻ വഴി കർണ്ണാടകയിൽ നിന്നും 15.8 മെഗാവാട്ട് വൈദ്യുതിയാണ് സ്വീകരിക്കുന്നത്. ഇത് ഡബിൾ സർക്യൂട്ടാക്കുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അത്യാവശ്യ സന്ദർഭങ്ങളിൽ കർണ്ണാടകയിൽ നിന്ന് കൂടുതൽ വൈദ്യുതി ശേഖരിക്കാൻ കഴിയുമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഒരു കാര്യം. അതുപോലെ നിലവിലുള്ള 2 x 10 MPa ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 2 x 20 MPa ട്രാൻസ്ഫോമറാക്കുക. നീലേശ്വരം – ബോളൂർ 33 കെ.വി. സബ്സ്റ്റേഷനുകളിലേക്ക് 16 MPa യും 110 KV ടാൻസ്ഫോമറുമാണ് നിലവിലുള്ളത്. കാഞ്ഞങ്ങാട് ടൗണിൽ 33 കെ.വി. സബ്സ്റ്റേഷൻ വരുന്നതുകൊണ്ട് അവിടെ 16 MPa ട്രാൻസ്ഫോമറുകൂടി സ്ഥാപിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നത് വലിയ ഉപകാരപ്രദമായിരിക്കും. മലയോര മേഖലയിൽ പ്രധാനമായും രാജപുരത്തെ 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി നിലവിലുള്ള പ്രൊപ്പോസൽ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തി അത് ഉടനെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ മലയോര മേഖല ഇന്ന് അനുഭവിക്കുന്ന പ്രയാസം പരിഹരിക്കാം. കാഞ്ഞങ്ങാട് ടൗണിലും കാസർഗോഡ് ടൗണിലും നിർദ്ദേശിക്കപ്പെട്ട 33 കെ.വി. സബ്സ്റ്റേഷൻ ഉടൻ പൂർത്തിയാക്കണം. 33 കെ.വി. ബോളൂർ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 5 MPa ട്രാൻസ്ഫോർമർ കൂടി അവിടെ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയം നിലവിലുള്ള 220 കെ.വി. മൈലാട്ടി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 400 കെ.വി. ആക്കാനും ഉഡുപ്പിയിൽ നിന്ന് മൈലാട്ടിയിലേക്ക് 400 കെ.വി. ലൈൻ

വലിക്കാനുമുള്ള പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം. ഇതിനാവശ്യമായ സഹായം പ്രഭാകരൻ കമ്മീഷൻ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. കർണ്ണാടകത്തിൽ വൈദ്യുതി നിന്നും കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ വിതരണ രംഗത്ത് അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം ജില്ലയിൽ ആകെ 457462 കൺസ്യൂമേഴ്സുണ്ട്. ജീവനക്കാരുടെ എണ്ണം 1169 ആണെന്ന് പറയുന്നുണ്ടെങ്കിലും 295 പേരുടെ കുറവുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. അവിടെ 874 ജീവനക്കാർ മാത്രമാണുള്ളത്. ഇവിടെ എന്തെങ്കിലും വൈദ്യുതി തടസ്സം നേരിട്ടാൽ അടിയന്തിരമായി പരിഹരിക്കുന്നതിനാവശ്യമായ ലൈൻമാൻമാരെ നിശ്ചയിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം, കാസർഗോഡ് വൈദ്യുതി ഭവൻ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്, അവിടെ വൈദ്യുതി ഭവനുണ്ടാക്കാനുള്ള സംവിധാനമുണ്ടാക്കണം തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിരമായ ശ്രദ്ധവേണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വളരെ ശരിയാണ്. അദ്ദേഹം ആവശ്യപ്പെട്ട കാര്യങ്ങളിൽ പലതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഉഡുപ്പിയിൽനിന്ന് മൈലാട്ടിയിലേയ്ക്കുള്ള പുതിയ ലൈനിന്റെ കാര്യം അദ്ദേഹം പറഞ്ഞു. അക്കാര്യം കർണ്ണാടക ഗവൺമെന്റുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്, പൂർണ്ണ സമ്മതം അവരിൽനിന്നും ലഭിച്ചിട്ടില്ല. വൈദ്യുതിയുടെ കാര്യത്തിൽ കാസർഗോഡ് ജില്ല വളരെ പ്രയാസമനുഭവി

ക്കുന്ന സ്ഥലമാണെന്നുള്ള കാര്യം അറിയാം. മൈസൂരിൽ നിന്ന് അരീക്കോട്ടേയ്ക്കുള്ള 400 കെ.വി. ലൈനിന്റെ പണി നടക്കുകയാണ്. കേരളത്തിലെ ഭാഗങ്ങളിലെ പണി തീർന്നു. കർണ്ണാടകത്തിൽ കുടക് ഭാഗത്ത് 26 കിലോമീറ്റർ പണി മാത്രമാണ് പൂർത്തിയാക്കാനുള്ളത്. അതും അടിയന്തിരമായി തീർക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുകയാണ്. ഇന്ത്യാ ഗവൺമെന്റിന്റെ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ നേരിട്ടാണ് പ്രസ്തുത വർക്ക് നടത്തുന്നത്. ഈ വർക്ക് പൂർത്തിയാകുമ്പോൾ വൈദ്യുതി പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരമുണ്ടാകും. അതുപോലെ ഉഡുപ്പിയിൽ നിന്നും മൈലാട്ടിയിലേയ്ക്കുള്ള ലൈൻ വന്നാലും ഒരു വലിയ അളവുവരെ പരിഹാരമാകും. ഇപ്പോൾത്തന്നെ അവിടെ പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ട്. അതിനുപുറമെ അവിടത്തെ സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനും എണ്ണം വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സ്റ്റാഫിന്റെ എണ്ണം സംബന്ധിച്ച് പറഞ്ഞു. അവിടെ ആകെ 189 വർക്കേഴ്സാണ് വേണ്ടത്. അതിൽ 188 വർക്കേഴ്സും ഇപ്പോഴുണ്ട്. എന്നാൽ ലൈൻമാൻ, സബ് എഞ്ചിനീയർ തുടങ്ങിയ പോസ്റ്റുകളിൽ സ്റ്റാഫ് കുറവാണ്. ഇത്രയും അകലെയായതുകൊണ്ട് പോസ്റ്റ് ചെയ്താൽത്തന്നെ ആളുകൾ പോകാതിരിക്കുന്ന അനുഭവമാണുള്ളത്. ഏതായാലും അത് പരിഹരിക്കാനുള്ള അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

## എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, കഴിഞ്ഞ വെള്ളിയാഴ്ച നിയമസഭയിലേയ്ക്ക് സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ഒരു മാർച്ച് ഉണ്ടായിരുന്നു. ഈ നിയമസഭയിൽ പ്രാതിനിധ്യമുള്ള മിക്കവാറും എല്ലാ കക്ഷികളുടെ പ്രതിനിധികളും അതിൽ സംബന്ധിക്കുകയും ചെയ്തു. കോളേജുകളിൽ നിന്നും പ്രീ–ഡിഗ്രി ഡീ–ലിങ്ക് ചെയ്തപ്പോൾ വന്നിട്ടുള്ള പ്രശ്നമാണിത്. ഡീ–ലിങ്ക് ചെയ്തപ്പോൾ പുതിയ കോഴ്സുകൾ ആരംഭിച്ചു. അദ്ധ്യാപക സംഘടനകൾ ആവശ്യപ്പെട്ടതനുസരിച്ച് അവരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊടുത്തു. പക്ഷേ കുറഞ്ഞ വേതനമുള്ള നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യം തുടർച്ചയായി ഉന്നയിച്ചുകൊണ്ടിരിക്കുകയായിരുന്നെങ്കിലും അനുവദിച്ചില്ല. ഈ ഗവൺമെന്റ് വന്നശേഷവും ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ ഈ നിവേദനം കൊടുത്തു. അങ്ങനെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതിന്റെ നടപടികൾ പുരോഗമിക്കുകയായിരുന്നു. പക്ഷേ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയല്ല, മറിച്ച് വെട്ടിക്കുറക്കാനുള്ള ഒരു നിർദ്ദേശമാണ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽനിന്ന് വന്നിരിക്കുന്നതെന്ന വാർത്തയാണ് ഇങ്ങനെ പണി മുടക്കിക്കൊണ്ട് എല്ലാ സംഘടനകളും ചേർന്ന് മാർച്ച് നടത്താൻ കാരണം. കഴിഞ്ഞ വെള്ളിയാഴ്ച നടത്താനിരുന്ന പരീക്ഷകളൊക്കെ മാറ്റിവച്ചു. അതുകൊണ്ട് ദയവായി നിലവിലുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള ഈ നീക്കത്തിൽ നിന്നും പിൻമാറണം. ഈ അനദ്ധ്യാപക സംഘടനകളുടെ ഡിമാന്റുകൾ പരിഗണിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും പുതിയ തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 1997-ൽ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തിയതിനെത്തുടർന്ന് സ്വകാര്യ എയ്ഡഡ് കേളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും, 1998-നുശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണിക്കണമെന്ന ആവശ്യം ഉയർന്നപ്പോൾ, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന തസ്തികകളുടെ എണ്ണം, അധിക സാമ്പത്തികബാധ്യത എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. 08-04-2013-ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ വ്യവസ്ഥകൾക്കുവിധേയമായി അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനായി വിവിധ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്ന് അഭിപ്രായം സ്വരൂപിക്കുകയുണ്ടായി. അതുപ്രകാരം 1371 അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതും ആയതിലേയ്ക്കായി ആകെ 11,98,77,887/- രൂപ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കുകയും ചെയ്തു. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ ഓരോ സ്വകാര്യ കോളേജിൽ നിന്നും പ്രത്യേകം അപേക്ഷകൾ വാങ്ങി വ്യക്തമായ ശുപാർശ സഹിതം ഫയൽ സമർപ്പിക്കുന്നതിന് ധനകാര്യവകുപ്പ് നിഷ്ക്കർഷിക്കുകയും ഇതനുസരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ സ്വകാര്യ കോളേജുകളിലെ

സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണത്തിലൂടെ സർക്കാരിന് പ്രതിവർഷം 28,35,60,046/- രൂപ അധിക സാമ്പത്തിക ബാധ്യതയുള്ളതായി കണക്കാക്കുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥരുമായി 28-03-2014-ൽ സർക്കാർ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 29-04-2014-ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വീണ്ടും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തസ്തികകൾ വെട്ടിച്ചുരുക്കണമെന്നുള്ള നിർദ്ദേശം ധനകാര്യവകുപ്പിൽ നിന്ന് വന്നിരുന്നെങ്കിലും സർക്കാർ അത് അംഗീകരിച്ചില്ല. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കും. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനെ സംബന്ധിച്ച് സർക്കാർതലത്തിൽ ഒരാലോചനയും ഇതുവരെ നടത്തിയിട്ടില്ല.

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള തീരപ്രദേശങ്ങളാണ് താനൂർ നിയോജകമണ്ഡലത്തിലുള്ളത്. ഭവനരഹിതരായിട്ടുള്ള ഒട്ടേറെ മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികളിലൂടെ വീടുകൾ നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷം മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഹഡ്കോ വഴി 1250 വീടുകളും, ഫിഷറീസ് വകുപ്പ് വഴി 150 വീടുകളും അനുവദിച്ചിട്ടുണ്ട്. 900 വീടുകൾ കൂടി നൽകിയാൽ ജില്ലയിൽ നിന്നുള്ള മുഴുവൻ

മത്സ്യത്തൊഴിലാളികളായ ഭവനരഹിതർക്കും വീട് നൽകാനാകും. ഇത്രയും വീടുകൾ അടിയന്തിരമായി അനുവദിക്കുന്നതിന് ജില്ലാ വികസനസമിതി ആവശ്യപ്പെട്ടിട്ടുണ്ട്. താനൂർ നിയോജകമണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതിയിലടക്കം അനുവദിച്ച വീടുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. മത്സ്യത്തൊഴിലാളികളായ 260 പേരാണ് ഇനി ഭവനരഹിതരായിട്ടുള്ളത്. ഇവർക്കുള്ള വീടുകൾകൂടി സർക്കാർ അനുവദിച്ചാൽ മത്സ്യത്തൊഴിലാളികൾ അല്ലാത്തവർക്കുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള താല്പര്യം സന്നദ്ധസംഘടനകൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒരു തീരദേശ ഭവന നിർമ്മാണ പദ്ധതി താനൂരിൽ തുടങ്ങാനുദ്ദേശിക്കുന്നത്. സർക്കാരിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രഥമ സംരംഭം എന്ന നിലയിൽ താനൂർ തീരപ്രദേശ ഭവനനിർമ്മാണ പദ്ധതിയിലേയ്ക്ക് 260 വീടുകൾ അനുവദിച്ചുകൊണ്ട് മാതൃക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള തീരപ്രദേശങ്ങളിലൊന്നാണ് താനൂർ. 2012–13, 2013–14 വർഷങ്ങളിൽ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കായി ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചപ്പോൾ അർഹതയുള്ള 554 പേരിൽ നിന്നും അപേക്ഷകൾ ലഭിച്ചിരുന്നു. ഇവരിൽനിന്നും 2012–13 വർഷത്തിൽ 254 പേരെയും 2013–14 വർഷത്തിൽ 32 പേരെയും തെരഞ്ഞെടുത്ത് പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നു. താനൂർ മണ്ഡല

ത്തിൽ ആകെ 316 പേർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും അർഹരായ 270 പേർ ഇനിയും ബാക്കിയുണ്ട്. ഫിഷറീസ് വകുപ്പ്, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി, 13–ാം ധനകാര്യകമ്മീഷൻ ധനസഹായം എന്നീ പദ്ധതികൾ പ്രകാരമാണ് മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് രണ്ടുലക്ഷം രൂപാ നിരക്കിൽ ധനസഹായം അനുവദിക്കുന്നത്. മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ 254 വീടുകൾക്ക് രണ്ടരലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിക്കാൻ കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താനൂർ മണ്ഡലത്തിലെ അർഹതയുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഭവനനിർമ്മാണ ധനസഹായം ഘട്ടംഘട്ടമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ വലിയൊരു വിഭാഗം ആളുകൾക്ക് ഇപ്പോഴും വീടുകളില്ല. വീടുകളില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ കൂട്ടത്തിൽ ഈ പ്രശ്നംകൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## പാറളം വില്ലേജ് ഓഫീസ് വിഭജനം

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിൽ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം, പാറളം, കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന, പാറളം വില്ലേജോഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജോഫീസ് രൂപീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പാറളം പഞ്ചായത്തിന്റെ 95% വിസ്തൃതിയും ജനസംഖ്യയും വരുന്ന മൂന്ന് വില്ലേജുകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഒരു വില്ലേജ് ഓഫീസർ ഉൾപ്പെടെ 5 ജീവനക്കാരാണ് പാറളം ഗ്രൂപ്പ് വില്ലോജോഫീസിൽ ഇപ്പോഴുള്ളത്. ഒരു വില്ലേജിന് മൂന്ന് എന്ന ക്രമം അനുസരിച്ച്, മൂന്ന് വില്ലേ ജുകൾ കൂടിയ ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ 9 ജീവനക്കാരെ നിയമി ക്കണം. പ്രതിദിനം ആയിരക്കണക്കിന് ജനങ്ങളാണ് വിവിധങ്ങളായ രേഖ കൾ ലഭിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി ഈ ഓഫീസിൽ എത്തിച്ചേരുന്നത്. ജീവനക്കാരുടെ അപര്യാപ്തത കൊണ്ട് ജനങ്ങൾക്ക് അവകാശപ്പെട്ട ന്യായമായ ആവശ്യങ്ങൾപോലും സമയബന്ധിതമായി നിർവ്വ ഹിച്ചുകൊടുക്കാൻ ഈ ഓഫീസിന് സാധിക്കുന്നില്ല. ഒരേ ഓഫീസിൽത്തന്നെ മൂന്ന് വില്ലേജുകൾ പ്രവർത്തിക്കുന്നതുമൂലം ക്രമാതീത മായി വർദ്ധിച്ചുവരുന്ന ഫയലുകളും രേഖകളും സൂക്ഷിക്കാനോ ജീവന ക്കാർക്ക് നിന്നുതിരിയാനോ പോലും സ്ഥലമില്ലാത്ത ദയനീയാവസ്ഥ ഞാൻ നേരിട്ട് കണ്ട് ബോധ്യപ്പെട്ടതാണ്. ഒരു മഴക്കാലത്താണ് ഞാൻ വില്ലേജോഫീ സിൽ സന്ദർശനം നടത്തിയത്. കെട്ടിടത്തിന്റെ ചോർച്ചമൂലം വിലപ്പെട്ട രേഖ കൾ വെള്ളത്തിൽ കുതിർന്ന് നശിച്ചുപോകുന്ന അവസ്ഥയുണ്ട്. ഇത്തരം പ്രശന്ങ്ങൾക്ക് ഒരു ശാശ്വതപരിഹാരം എന്ന നിലയിൽ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കണമെന്ന് ജന ങ്ങൾ ആവശ്യപ്പെട്ടുതുടങ്ങിയിട്ട് ഏറെക്കാലമായി. ഒട്ടേറെ തവണ പരാതി കളും, പ്രമേയങ്ങളും, നിവേദനങ്ങളുമായി പ്രശ്നം അധികൃതരുടെ ശ്രദ്ധ യിൽകൊണ്ടുവന്നിരുന്നുവെങ്കിലും യാതൊരു പരിഹാരവും ഇന്നുവരെ ഉണ്ടാ യിട്ടില്ല. കോടന്നൂർ വില്ലേജ് ഓഫീസ് ആരംഭിക്കാനോ അതു സംബന്ധിച്ച്

നടപടി എടുക്കാനോ നാളിതുവരെ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് ഒരു പുതിയ വില്ലേജ് ഓഫീസ് ആരംഭിച്ച് ജനങ്ങൾക്കാവശ്യമായ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റവന്യൂ ഭരണത്തിന്റെ അടിസ്ഥാനഘടകമാണ് വില്ലേജ്. രണ്ടോ മൂന്നോ വില്ലേജുകളുടെ പ്രവർത്തനങ്ങൾ ഒരു വില്ലേജ് ഓഫീസ് കെട്ടിടത്തിൽ ഒരു വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരെ ഉപയോഗിച്ച് നിർവ്വഹിക്കപ്പെടുന്ന സംവിധാനമാണ് ഗ്രൂപ്പ് വില്ലേജ്. തൃശ്ശൂർ താലൂക്കിൽപ്പെട്ട ഒരു ഗ്രൂപ്പ് വില്ലേജാണ് പാറളം, പള്ളിപ്പുറം, കോടന്നൂർ. ഈ ഗ്രൂപ്പ് വില്ലേജുൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ഗ്രൂപ്പ് വില്ലേജുകളും വിഭജിക്കുമ്പോൾ പ്രത്യേക കെട്ടിടങ്ങളും, ഓഫീസും, ജീവനക്കാരും ഉണ്ടാകും. ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇതുസംബന്ധിച്ച വിഞ്ജാപനവും തിരുത്തൽ വിഞ്ജാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. നാട്ടിക നിയോജകമണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം, പാറളം, കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കോടന്നൂർ വില്ലേജ് രൂപീകരിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

## പേരാമ്പ്ര ആസ്ഥാനമാക്കി താലൂക്ക് രൂപീകരണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഒരു ജനാധിപത്യവ്യവസ്ഥയിൽ ഭരണാധികാരികൾ നിഷ്പക്ഷവും നീതിപൂർവ്വവുമായ സമീപനമെടുക്കണം എന്നതിന്റെ ഭാഗമായിട്ടുള്ള ഒരു സബ്മിഷനാണ് ഇത്. കേരളത്തിലെ 63 താലൂക്കുകൾക്കൊപ്പം 12 താലൂക്കുകൾ കൂടി പ്രഖ്യാപിച്ചപ്പോൾ 75 താലൂക്കുകളായി. കേരളത്തിൽ 140 അസംബ്ലി മണ്ഡലങ്ങളാണുള്ളത്. ശരാശരി നോക്കിയാൽ ഒരു അസംബ്ലി മണ്ഡലത്തിന് 53.57% താലൂക്ക് വരും. കോഴിക്കോട് ജില്ലയിൽ 13 നിയോജകമണ്ഡലങ്ങളുണ്ട്. ശരാശരി നോക്കിയാൽ 30.76% താലൂക്കുകളേ വരുന്നുള്ളൂ. അതായത് മൂന്നേകാൽ നിയോജകമണ്ഡലത്തിന് ഒരു താലൂക്ക്. മലബാറിന് പലകാര്യത്തിലും പിന്നോക്കാവസ്ഥയാണ്. അത് മാറ്റിയെടുക്കാൻവേണ്ടി മാറിമാറിവരുന്ന സർക്കാരുകൾ പലതും ചെയ്യുന്നുണ്ട്. എന്നാൽ താലൂക്കിന്റെ കാര്യത്തിൽ അത് ചെയ്തില്ല. ഒരു താലൂക്ക് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശവും പശ്ചിമഘട്ടത്തിന്റെ ഒരതിരാണ്. മലയോര പ്രദേശത്തിന്റെ കുറെ ഭാഗങ്ങൾ ചേർത്ത് താമരശ്ശേരി താലൂക്ക് അനുവദിച്ചു. വടകര താലൂക്കിന്റെ മലയോര പ്രദേശങ്ങളുൾപ്പെടുന്ന പേരാമ്പ്ര കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കണമെന്ന് എല്ലാ കമ്മീഷനും അംഗീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെയാണ് പയ്യന്നൂർ താലൂക്ക്. പുതിയതായി 12 താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ പേരാമ്പ്ര താലൂക്ക് പ്രഖ്യാപിച്ചില്ല. ഇപ്പോൾ പേരാമ്പ്രയിൽ മിനി സിവിൽസ്റ്റേഷൻ പണിതു കഴിഞ്ഞു, താലൂക്കാശുപത്രിയുണ്ട്, പ്രധാനപ്പെട്ട

ഓഫീസുകളൊക്കെത്തന്നെയുണ്ട്. അതുകൊണ്ട് പേരാമ്പ്ര താലൂക്ക് രൂപീകരിച്ച് ഒരു സാമാന്യനീതി നടപ്പാക്കുന്നതിനുള്ള സമീപനമെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പേരാമ്പ്ര ഒരു താലൂക്കായി പ്രഖ്യാപിക്കണമെന്നുള്ള ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിയമസഭാ മണ്ഡലങ്ങളുടെ പുനഃക്രമീകരണം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഭരണപരമായുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ടാണ് 12 താലൂക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. മറ്റ് പല നിയോജക മണ്ഡലത്തിൽ നിന്നും ഇതുപോലെയുള്ള ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ അടിയന്തരമായി ഒരു തീരുമാനം എടുക്കാൻ പല ബുദ്ധിമുട്ടുകളുമുണ്ട്. അങ്ങ് സൂചിപ്പിച്ച ബുദ്ധിമുട്ടുകളും കാര്യങ്ങളുമൊക്കെ ശരിയാണെന്ന് മനസ്സിലാക്കുന്നു. എന്നെങ്കിലും പുനർവിഭജനം ഉണ്ടാകുന്ന അവസരത്തിൽ പേരാമ്പ്ര കേന്ദ്രീകരിച്ചുകൊണ്ട് താലൂക്ക് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് മാത്രമേ ഈ സഭയിൽ എനിക്കിപ്പോൾ മറുപടി പറയാൻ കഴിയുന്നുള്ളൂ.

## ദേവസ്വംബോർഡ് ക്ഷേത്ര ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തൽ

ശ്രീമതി പി. അയിഷാ പോറ്റി: സർ, ക്ഷേത്രങ്ങളിലെ ശാന്തിക്കാരുടെ ഗ്രേഡ് സംബന്ധമായിട്ടുള്ളതാണ് എന്റെ സബ്മിഷൻ. എഴുത്തും വായനും അറിയണമെന്ന അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാരുടെ അതേ ഗ്രേഡി

ലാണ് ഒൻപതാം ക്ലാസ്സ് വിദ്യാഭ്യാസം, പൂജാ പരിജ്ഞാനം, സംസ്കൃത പരിജ്ഞാനം തുടങ്ങിയ ക്വാളിഫിക്കേഷനുള്ള ശാന്തിക്കാരുടെ ഗ്രേഡും നിശ്ചയിച്ചിട്ടുള്ളത്. ശാന്തിക്കാർ ദേവസ്വം ബോർഡിനും സർക്കാരിനുമൊക്കെ നിരവധി നിവേദനങ്ങൾ നൽകിയിട്ടും അതിനൊരു മാറ്റവും വന്നിട്ടില്ല. ഭഗവാനോട് ജനങ്ങൾക്ക്, ഭക്തർക്ക് വേണ്ടി പറയുന്ന ആൾ ശാന്തിക്കാണ്. ഭഗവാൻ കഴിഞ്ഞാൽ തൊട്ടുതാഴെയുള്ള സ്ഥാനം ശാന്തിക്കാരന് നൽകേണ്ടതാണ്. അവരുടെ ഗ്രേഡ് ഉയത്തിക്കൊണ്ട് അർഹമായ മാന്യത നൽകേണ്ടതാണ്. ശാന്തി ജോലികൾ കൂടാതെ, ഭക്തജനങ്ങളുടെ വഴിപാട് ചെയ്യുന്നത് ഉൾപ്പെടെ 11 മണിക്കൂറിലധികം ജോലി ചെയ്യുന്ന ഇവരോട് കാണിക്ക എണ്ണുന്ന ജോലികൂടി അഡീഷണലായി ചെയ്യണം എന്ന് ദേവസ്വം ബോർഡ് നിഷ്കർഷിച്ചിരിക്കുകയാണ്. ഇത്തരം പീഡനങ്ങളും അവഹേളനങ്ങളും ഒഴിവാക്കി, ശാന്തിക്കാർക്ക് അർഹമായ ഗ്രേഡ് അനുവദിച്ച് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി ന്യായമായ അവകാശങ്ങൾ ലഭ്യമാക്കണം. ഇപ്പോൾ ഒരു സബ് ഗ്രൂപ്പ് ഓഫീസർക്ക് പത്താം ക്ലാസ്സ് യോഗ്യത മാത്രമേ നിശ്ചയിച്ചിട്ടുള്ളൂ. അദ്ദേഹം 15 വർഷത്തെ സർവ്വീസ് കഴിഞ്ഞാൽ ഡെപ്യൂട്ടി കമ്മീഷണർ പോസ്റ്റിലാണ് റിട്ടയർ ചെയ്യുന്നത്. എന്നാൽ ഒരു ശാന്തിക്കാരൻ അതേ ഗ്രേഡിൽത്തന്നെ അവസാനംവരെ തുടരുന്നുവെന്നുള്ള അന്യായമായ അവസ്ഥയാണ് നിലനിൽക്കുന്നത്. അവർക്ക് അർഹമായ പരിഗണന നൽകിക്കൊണ്ട് ഭഗവാൻ കഴിഞ്ഞുള്ള ആൾ എന്ന അംഗീകാരം കൊടുത്ത് ഏറ്റവും നല്ല ഗ്രേഡിലേയ്ക്ക്, ക്ഷേത്രവുമായി ബന്ധപ്പെട്ട ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ശാന്തിക്കാരനാകുന്ന

തരത്തിലേയ്ക്ക് മാറ്റിക്കൊണ്ടുവരണമെന്നതാണ് എന്റെ ഏറ്റവും വിനീതമായ അഭ്യർത്ഥന.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 01–07–2011 മുതൽ പ്രാബല്യത്തിൽ വന്ന പേ-റിവിഷൻ ഉത്തരവ് പ്രകാരം ശാന്തിക്കാർക്ക് ക്ഷേത്രങ്ങളിലെ മറ്റ് ജീവനക്കാർക്കുള്ളതിനേക്കാളും ഉയർന്ന ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രേഡ് ഉയർത്തുന്ന കാര്യം നില വിൽ പരിഗണനയിൽ ഇല്ലെന്നുള്ള വിവരമാണ് ദേവസ്വം ബോർഡ് അറിയിച്ചി ട്ടുള്ളത്. ഇക്കാര്യത്തിൽ ദേവസ്വം ബോർഡുമായി ചർച്ച നടത്തുന്നതാണ്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്തൽ**

ശ്രീ. പി. എ. മാധവൻ: സർ, പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ വല്ലാതെ തരംതാഴ്ത്തപ്പെട്ട ഒരു നിയോജക മണ്ഡലത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാരം കാണുന്നതിനുമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മണലൂർ അസംബ്ലി നിയോജക മണ്ഡലം 1980 മുതൽ 1996 വരെ ഇപ്പോഴത്തെ കെ.പി. സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ പ്രതിനിധീകരിച്ച അസംബ്ലി നിയോജക മണ്ഡലമാണ്. ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പു മന്ത്രിയും തുടർന്ന് സ്പീക്കറുമൊക്കെ ആയിരുന്ന ആ കാലഘട്ടത്തിൽ ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ടായിരുന്നു. അവിടെ അരിമ്പൂരിലും മാവൂരിലും വെങ്കിടങ്ങിലും പാവറട്ടിയിലുമൊക്കെ ഇപ്പോൾ നിലവിലുള്ള

പ്രൈമറി ഹെൽത്ത് സെന്ററുകൾ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളായിരുന്നു. എന്നാൽ 2006 മുതൽ 2009 വരെ യുള്ള കാലഘട്ടത്തിൽ ഈ ആശുപത്രികളിലെ കിടത്തി ചികിത്സിക്കുന്നതി നുള്ള സൗകര്യം ഒന്നൊന്നായി നിറുത്തലാക്കി. മേൽപ്പറഞ്ഞ ആശുപത്രികളി ലൊക്കെ രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സ്റ്റാഫും വാർഡും മറ്റ് സൗകര്യങ്ങളുമുണ്ടായിരുന്നു. തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ തീര പ്രദേശങ്ങളെ ഉൾക്കൊള്ളുന്നതാണ് മണലൂർ അസംബ്ലി നിയോജക മണ്ഡലം. വാടാനപ്പള്ളി പഞ്ചായത്തിൽപ്പെട്ട തൃത്തല്ലൂരിൽ താരതമ്യേന നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്. മുല്ല ശ്ശേരിയിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുണ്ട്. നൂറുകണക്കിന് രോഗി കൾ നിത്യേന വരുന്ന, നിരവധി രോഗികളെ തറയിൽക്കിടത്തി ചികിത്സി ക്കേണ്ടി വരുന്ന സാഹചര്യമുള്ള ആശുപത്രിയാണ് മുല്ലശ്ശേരിയിലെ ഇപ്പോൾ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. 24 X 7 എന്ന പരിഗണനയിൽ അരിമ്പൂരിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാവ ക്കാട്, ചേലക്കര, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, പുതുക്കാട്, ഇരിങ്ങാലക്കുട, ചാലക്കുടി ഇതെല്ലാം തൃശ്ശൂർ ജനറൽ ആശുപത്രിക്ക് പുറമെയുള്ള താലൂക്ക് തലത്തിൽ ഉണ്ടായിരുന്ന ആശുപത്രികളാണ്. അതിൽ വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയും ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയും ഇപ്പോൾ ജില്ലാ ആശുപത്രികളാണ്. മുല്ലശ്ശേരിയിലെ ഇപ്പോഴത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് തലത്തിലുള്ള ഒരു ആശുപത്രിക്കുവേണ്ട എല്ലാ സാഹചര്യങ്ങളും സൗകര്യങ്ങളുമുള്ള ഒന്നാണ്. ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന മേഖലയാണ് ഒരു

കാർഷിക പ്രദേശമായ മണലൂർ അസംബ്ലി നിയോജക മണ്ഡലം. മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള സ്ഥലമാണ്. പാവപ്പെട്ടവർ കൂടുതൽ താമസിക്കുന്ന ഈ പ്രദേശത്ത് ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ ഇത്രയേറെ വെട്ടിക്കുറച്ച ഒരു നിയോജക മണ്ഡലം കേരളത്തിൽ വേറെയുണ്ടാവില്ല. ഏറ്റവും കൂടുതൽ രോഗികൾ വരുന്ന രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണ് തൃത്തല്ലൂരും മുല്ലശ്ശേരിയുമെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃത്തല്ലൂർ സി.എച്ച്.സി.യിൽ ഒ.പി., ഐ.പി., അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കുമായി അഞ്ച് ക്വാർട്ടേഴ്സുകളും നിലവിലുണ്ട്. ഈ ആശുപത്രി ശരാശരി പ്രതിദിന ഒ.പി. 450-ഉം ഐ.പി. 22-ഉം ആണ്. 24 കിടക്കകൾ അനുവദിക്കപ്പെട്ടിട്ടുള്ള ഇവിടെ രണ്ട് സിവിൽ സർജന്മാരും മൂന്ന് അസിസ്റ്റന്റ് സർജന്മാരും ഉൾപ്പടെ 53 തസ്തികകളുണ്ട്. ഒരു സിവിൽ സർജന്റെ ഒഴിവാണ് ഇപ്പോൾ നിലവിലുള്ളത്. ഈ ആശുപത്രിയിൽ എൻ.ആർ.എച്ച്.എം., എൻ.സി.ഡി. മുഖേന ഓരോ ഡോക്ടർമാരുടെയും അഡ്-ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറുടെയും സേവനം കൂടുതലായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താൽക്കാലികമായി എൻ.ആർ.എച്ച്.എം., എൻ.സി.ഡി. മുഖേന ഓരോ സ്റ്റാഫ് നഴ്സിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. തൃത്തല്ലൂർ സി.എച്ച്.സി.യിൽ

നിന്നും 12 കിലോമീറ്റർ ദൂരത്തിൽ 140 കിടക്കകളുള്ള ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സ്ഥിതിചെയ്യുന്നു. ഇതുകൂടാതെ 10 കിലോ മീറ്റർ ദൂരത്തിൽ തളിക്കുളം ബ്ലോക്കിൽത്തന്നെയുള്ള വലപ്പാട് സി.എച്ച്. സി.യും പ്രവർത്തിച്ചുവരുന്നു. 65 കിടക്കകളുള്ള വലപ്പാട് സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നുള്ളതാണ് ഇവിടെ ബഹുമാന പ്പെട്ട മെമ്പർ ഉന്നയിച്ച ഒരു വിഷയം. മറ്റൊന്ന് 2006 മുതൽ 2009 വരെ ഇവിടെ കിടത്തി ചികിത്സ നിർത്തിയിരിക്കുകയാണ് എന്നുള്ളതാണ്. അതി പ്പോൾ മാറ്റി കിടത്തി ചിക്തിസ ഉള്ളതാണ്. തീർച്ചയായും താലൂക്ക് ആശുപ ത്രിയായി ഉയർത്തണമെന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. ചാവക്കാട് താലൂക്കിലുള്ള മുല്ലശ്ശേരി സി.എച്ച്.സി.യിൽ പ്രതിദിന ശരാശരി ഒ.പി. 400–ഉം ഐ.പി. 18–ഉം ആണ്. 36 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ രണ്ട് സിവിൽ സർജന്മാരും 5 അസിസ്റ്റന്റ് സർജന്മാരും ഉൾപ്പടെ 43 തസ്തികകൾ നിലവിലുണ്ട്. 60 സെന്റ് സ്ഥലത്ത് സ്ഥിതിചെ യ്യുന്ന ഈ സി.എച്ച്.സി.യിൽ നാല് കെട്ടിടങ്ങൾ ഉണ്ട്. ഇവിടെ ഐ.പി., ഒ.പി., പബ്ലിക് ഹെൽത്ത് വിഭാഗം ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമായി ആറ് ക്വാർട്ടേഴ്സുകളും ഉണ്ട്. ഈ ആശുപത്രിയിൽ നിന്നും 10 കിലോമീറ്റർ അകലെയായി ചാവക്കാട് താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്നു. മുല്ലശ്ശേരി സി.എച്ച്.സി.യെ താലൂക്ക് ആശുപ ത്രിയായി ഉയർത്തന്നത് സംബന്ധിച്ചിട്ടുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.